ഒന്നരലക്ഷത്തോളം രൂപ ചെലവിൽ ഒരു വെഹിക്കിൾ വാഷിംഗ് മെഷീൻ സ്ഥാപിച്ചു. മറ്റു മേജർ യൂണിറ്റുകളിലും സാമ്പത്തിക ലഭ്യതയ്ക്കനുസരണമായി ഇതു സ്ഥാപിക്കുന്നതാണ്. ഇപ്പോൾ എല്ലാ യൂണിറ്റുകളിലും ഒരു ബസ്സിന് 5 രൂപ ക്രമത്തിൽ പുറത്തു നിന്നും ആളെ നിയമിച്ച് ബസ്സുകൾ വൃത്തിയാക്കി വരുന്നു. സൂപ്പർ ക്ലാസ് ബസ്സുകൾ കഴുകി വൃത്തിയാക്കി മാത്രമേ സർവ്വീസിന് ഉപയോഗിക്കാവൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

27 (*87) വനവൽക്കരണം

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനത്തിനുള്ളിൽ വനവൽക്കരണം നടത്തുന്നതിനുള്ള പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വനത്തിനുള്ളിൽ വനവൽക്കരണം സാദ്ധ്യമാക്കുന്ന ഈ പരിപാടിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ പരിപാടിക്ക് ലോകബാങ്ക് സഹായം ലഭ്യമായിട്ടുണ്ടോ;

(ഡി) എങ്കിൽ അത് ഏത് അളവുവരെയാണെന്നും പദ്ധതിയുടെ പുരോഗതി എന്താണെന്നും വിശദമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്.

(ബി) വനത്തിനുള്ളിൽ വനവൽക്കരണം നടത്തുന്നതിന് മൂന്ന് പദ്ധതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

1. കേരള ഫോറസ്ട്രറി പ്രോജക്ട്.

സമഗ്രമായ വനവികസനവും വനപരിപാലനവും ഉദ്ദേശിച്ചുകൊണ്ട് ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി 1998-99 മുതൽ നാല് വർഷം കൊണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഇത്. ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 182.39 കോടി രൂപയാണ്. ഇതിന്റെ ഭാഗമായി 23000 ഹെക്ടർ പ്രക്ഷീണ വനങ്ങളെ ഓജസുള്ള സ്വാഭാവിക നിബിഡ വനങ്ങളാക്കുക 9000 ഹെക്ടർ പ്രക്ഷീണ വനങ്ങളെ നിബിഡ വനങ്ങളാക്കുക, 4700 ഹെക്ടർ പ്രദേശത്ത് മുള, ചൂരൽ, ഈറ്റ എന്നിവ വളർത്തുക, 1800 ഹെക്ടറിൽ തേക്ക് തോട്ടങ്ങളും 3700 ഹെക്ടറിൽ പൾപ്പ് വുഡ് തോട്ടങ്ങളും വളർത്തുക മുതലായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

2. പരിഹാര ബദൽ വനവൽക്കരണം.

28583 ഹെക്ടർ കൈയേറ്റ വനഭൂമിക്ക് പട്ടയം നൽകുന്നതിന്റെ മുന്നോടിയായി 57180 ഹെക്ടർ പ്രക്ഷീണ വനത്തിൽ നടത്തുന്ന വനവൽക്കരണമാണ്. ഇത്. 1994-95-ൽ തുടങ്ങിയ ഈ പദ്ധതിയിൽ ഇതേവരെ 34540 ഹെക്ടറിൽ

LIBRARY ARCHIVES Kerala Legislative Assembly

വനവൽക്കരണം നടത്തിയതിന് 36.01 കോടി രൂപ ചെലവാക്കുകയും ചെയ്തു.

3. സംയോജിത വനവൽക്കരണം.

100% കേന്ദ്ര സഹായത്തോടെ വനവൽക്കരണം, മണ്ണ് സംരക്ഷണം, ജലസംരക്ഷണം, സംയുക്ത വനപരിപാലനം എന്നിവ ചേർത്ത് വാട്ടർ ഷെഡുകളുടെ സമഗ്രവികസനമാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. 1998 -99 മുതൽ 5 വർഷം കൊണ്ട് നടപ്പാക്കുന്നതാണ് ഈ പദ്ധതി. ഇതുവരെ 4631 ഹെക്ടർ വനഭൂമിയിൽ ഈ പദ്ധതി നടപ്പിലാക്കിയത് വഴി ആകെ 3.11 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ പദ്ധതികളിൽ കേരള ഫോറസ്ട്രി പ്രോജക്ടിന് മാത്രമാണ് ലോകബാങ്ക് സഹായം ലഭ്യമായിട്ടുള്ളത്.

(ഡി) കേരള ഫോറസ്ട്രി പ്രോജക്ടിനുവേണ്ടി 152.1 കോടി രൂപ (39 മില്യൻ യു.എസ്. ഡോളർ) ലോകബാങ്കിൽ നിന്ന് സഹായം ലഭിക്കുന്നതാണ്. ഈ പദ്ധതി 1998-99 മുതൽ നടപ്പിലാക്കിവരുന്നു.

1998-99 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിൽ 1385.310 ലക്ഷം രൂപ (താൽക്കാലികം) ചെലവാക്കുകയുണ്ടായി. ഈ പദ്ധതിയനുസരിച്ച് 1998 -99-ൽ 2352 ഹെക്ടർ അല്പമായി അസ്വസ്ഥപ്പെടുത്തപ്പെട്ട സ്വാഭാവിക വനങ്ങളുടെ പുനരുദ്ധാരണം 1265 ഹെക്ടർ പ്രക്ഷീണ സ്വാഭാവിക വനങ്ങളിലെ പുനരധിവാസം 479 ഹെക്ടർ പ്രദേശത്ത് ഈറ്റ, മുള, ചൂരൽ എന്നിവയുടെ പുനരുദ്ധാരണം. 252 ഹെക്ടറിൽ വ്യാവസായികതോട്ടങ്ങൾ വെച്ചുപിടിപ്പിക്കൽ 115 ഹെക്ടറിൽ തേക്ക് വച്ചുപിടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1999-2000 വർഷത്തിൽ 40 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്ക് ബജറ്റിൽ നീക്കി വെച്ചിട്ടുണ്ട്.

28 (*88) നെൽക്കൃഷി വികസനത്തിന് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം

ശ്രീ. ബാബു ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നെൽപ്പാടങ്ങൾ നികത്തുന്നതുമൂലം നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം സംസ്ഥാനത്ത് വർഷംതോറും കുറഞ്ഞുവരുന്നത് കണക്കിലെടുത്ത് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് കർശനമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നെൽക്കൃഷി രംഗത്ത് അനുഭവപ്പെടുന്ന തൊഴിലാളികളുടെ ദൗർലഭ്യം കണക്കിലെടുത്ത് നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ട്രാക്റ്റർ, പവർടില്ലർ സ്പ്രേയറുകൾ, പമ്പ്സെറ്റ് തുടങ്ങിയ യന്ത്രോപകരണങ്ങൾ കൃഷിക്കാരന് 50% വില സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly